(ഡി) ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തേണ്ടത് സംബന്ധിച്ച് സർക്കാർ നിലപാട് വ്യക്തമാക്കാമോ ; ഇതിനായി സംസ്ഥാന സർക്കാർ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചുകൊണ്ട് ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ഇ) കോമൺവെൽത്ത് ഗെയിംസ്, ഝാർഖണ്ഡ് ദേശീയ ഗെയിംസ് എന്നിവയുടെ നടത്തിപ്പുകാരിൽ ആരോപിതരായ ഒട്ടേറെപേർ അറസ്റ്റിലാവുകയും ജയിലിൽ അടക്കപ്പെടുകയും ചെയ്തിട്ടുള്ള കാര്യം സർക്കാരിനറിയാമോ ;

(എഫ്) ഈ സാഹചര്യത്തിൽ സംസ്ഥാനത്ത് നടന്ന ദേശീയ ഗെയിംസിന്റെ നടത്തിപ്പിൽ അഴിമതി ഉണ്ടെങ്കിൽ അത് നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതിന് സ്വതന്ത്ര ഏജൻസിയെക്കൊണ്ട് അന്വേഷിപ്പിക്കാൻ അടിയന്തര നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ-എഫ്) ദേശീയ ഗെയിംസിന്റെ നടത്തിപ്പിൽ ക്രമക്കേടുകൾ ആരോപിച്ച് ശ്രീ. വി. ശിവൻകുട്ടി. എം.എൽ.എ. തുടങ്ങിയവർ പരാതി സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ബന്ധപ്പെട്ടവരോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. അതേസമയം ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് സി.ബി.ഐ. തെളിവെടുപ്പ് നടത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 35-ാം ദേശീയ ഗെയിംസിന്റെ കണക്കുകൾ ആഡിറ്റ് നടത്തി റിപ്പോർട്ട് നൽകുന്നതിനായി സംസ്ഥാന ആഡിറ്റ് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ദേശീയ ഗെയിംസ് നിർമ്മിതികളുടെ പുനരുപയോഗം

285 (291) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗെയിംസിനായി ഒരുക്കിയ ഗെയിംസ് വില്ലേജ് അടക്കമുള്ള പ്രീ-ഫാബ്രിക്കേറ്റഡ് നിർമ്മിതികൾ ഇനി എന്തു ചെയ്യാനാണ് ഉപയോഗിക്കുന്നത് ;

(ബി) ഇവ സംസ്ഥാനത്തെ വിവിധ സ്പോർട്സ് കേന്ദ്രങ്ങളിലേക്ക് മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;വിശദമാക്കുമോ ;

(സി) ഇങ്ങനെ ചെയ്യുമ്പോൾ ഗെയിംസിന് വേദിയാവാത്ത ജില്ലകൾക്ക് മുൻഗണന നൽകുമോ ;

(ഡി) വിവിധ സ്പോർട്സ് ഉപകരണങ്ങളും വീണ്ടും ഉപയോഗിക്കുന്നതിനായി നൽകാൻ ആലോചിക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-ഡി) ഇതുസംബന്ധിച്ച പദ്ധതി തയ്യാറാക്കി വരുന്നു. ഇതിൽ നിന്ന് ലഭിക്കുന്ന തുക ദേശീയ ഗെയിംസിന്റെ അക്കൗണ്ടിൽ വരവ് വയ്ക്കുന്നതിനാണ് ഇപ്പോൾ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

ദേശീയ ഗെയിംസ് വേദികൾക്കായുള്ള അഗ്നിശമന സുരക്ഷാ ഉപകരണങ്ങൾ

286 (292) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗെയിംസ് വേദികൾക്കാവശ്യമായ അഗ്നിശമന സുരക്ഷാ ഉപകരണങ്ങൾ വാങ്ങാൻ ടെണ്ടർ വിളിച്ചത് ഏത് തീയതിയിലാണ്, ഏതെല്ലാം പത്രങ്ങളിൽ ഇതിനായി ടെണ്ടർ പരസ്യം നല്കുകയുണ്ടായി, സർക്കാർ വെബ്സൈറ്റിലും ദേശീയ ഗെയിംസ് സെക്രട്ടറിയേറ്റിന്റെ വെബ്സൈറ്റിലും ഈ പരസ്യം നല്കിയത് ഏത് തീയതിയിലായിരുന്നു എന്നിവ സംബന്ധിച്ച വിവരങ്ങൾ നല്കാമോ ;

(ബി) സുതാര്യമായ നടപടികളില്ലാതെ ധൃതിപിടിച്ച് ടെണ്ടർ വിളിക്കാനിടയായതായി പറയപ്പെടുന്ന സാഹചര്യം എന്തായിരുന്നു; അഗ്നിശമന സുരക്ഷാ ഉപകരണങ്ങളുടെ ആവശ്യം മുൻകൂട്ടി കാണാൻ കഴിഞ്ഞിട്ടുണ്ടായിരുന്നില്ലേ എന്ന് വ്യക്തമാക്കാമോ ;

(സി) ടെണ്ടറിൽ പങ്കെടുത്തവർ ആരൊക്കെയെന്നും ആരിൽ നിന്നെല്ലാം കൂടുതൽ വാങ്ങുകയുണ്ടായെന്നും അറിയിക്കാമോ;

(ഡി) മൊത്തം എത്ര തുകയുടെ ഉപകരണങ്ങൾ വാങ്ങിക്കുകയുണ്ടായി എന്ന് അറിയിക്കാമോ; ഉപകരണങ്ങൾക്ക് വേണ്ടി വരുന്ന എസ്റ്റിമേറ്റ് തുക ടെണ്ടർ പരസ്യത്തിൽ വ്യക്തമാക്കിയിട്ടുണ്ടായിരുന്നോ; ഇല്ലെങ്കിൽ കാരണമെന്തെന്നു വ്യക്തമാക്കാമോ;

(ഇ) ടെണ്ടറുമായി ബന്ധപ്പെട്ടുണ്ടായ ആക്ഷേപങ്ങൾ സംബന്ധിച്ച് പരിശോധിക്കുകയുണ്ടായോ എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) അഗ്നിശമനസുരക്ഷാ ഉപകരണങ്ങൾ വാങ്ങാൻ ഇ-ടെൻഡർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. 24-12-2014-ൽ e-tender.kerala.gov.in വെബ്സൈറ്റിലും, www.kerala2015.in എന്ന ദേശീയഗെയിംസ് സെക്രട്ടേറിയറ്റ് വെബ്സൈറ്റിലും

LIBRARY ARCHIVES Kerala Legislative Assembly